**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 899.** — **20-03-2013-ലെ മറുപടിയ്ക്ക്**

**ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ നിയമലംഘനത്തിനെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ: | ശ്രീ. ഷിബു ബേബിജോൺ (ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) മണപ്പുറം ഫൈനാൻസ് ലിമിറ്റഡ്, അനുബന്ധ സ്ഥാപനമായ മേബൻനിധി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ അവരുടെ ബ്രാഞ്ചുകളിൽ തൊഴിൽ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ജീവനക്കാരെ നിരന്തരം ദ്രോഹിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കോഴിക്കാട്, കാസർകോഡ് ജില്ലകളിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നടപടികൾക്കെതിരെ ജീവനക്കാർ കാസർകോട് ജില്ലയിൽ സ്ഥാപനത്തിന് മുമ്പിൽ സത്യഗ്രഹസമരം നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ജീവനക്കാർ സത്യഗ്രഹസമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജീവനക്കാർ സൂചനാ സമരം നടത്തിയിട്ടുണ്ട്. |
| (സി) എങ്കിൽ ഈ സമരം ഒത്തുതീർപ്പാക്കുവാനും ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ അനുവദിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (സി) അനുരഞ്ജന ചർച്ച നടത്തി പ്രശ്നം ഒത്തിതീർപ്പാക്കിയിരുന്നു. എങ്കിലും ഒത്തുതീർപ്പ് ലംഘിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. |
| (ഡി) ഈ സ്ഥാപനത്തിലെ തൊഴിൽ നിയമലംഘനത്തിനെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ